# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3410 24.06.2013-ൽ മറുപടി**

**പുതിയ ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിന് അനുമതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് പുതിയ ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിന് അനുമതി ലഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ ; | (എ) സംസ്ഥാനത്ത് ആരാധനയ്ക്കോ അല്ലാത്തതോ ആയ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകേണ്ട സ്റ്റാറ്റ്യൂട്ടറി അധികാരം അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കാണ്. കേരള മുൻസിപ്പാലിറ്റി നിബന്ധന പ്രകാരം മതപരമോ അല്ലെങ്കിൽ ആരാധനയ്ക്കോ വേണ്ടിയുള്ള കെട്ടിട നിർമ്മാണത്തിന്റെ കാര്യത്തിൽ ബന്ധപ്പെട്ട ജില്ലാ കളക്ടറുടെ മുൻകൂർ അനുമതി നേടിയിരിക്കേണ്ടതും 25.07.2005-ലെ സ. ഉ. (പി) നം. 217/05/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വർഗ്ഗീയ ക്രമസമാധാന ഭഞ്ജനം തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെ കൈപുസ്തകത്തിൽ നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതുമുണ്ട്. |
| ബി) പുതിയ ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിന് വളരെയധികം ബുദ്ധിമുട്ടനുഭവപ്പെടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകളും നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങളും കൃത്യമായി പാലിക്കേണ്ടതുണ്ട്. |
| സി) ഉണ്ടെങ്കിൽ ടി ബുദ്ധിമുട്ട് ലഘൂകരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ? | (സി) നിലവിലുള്ള മതസൌഹാർദ്ദം, ക്രമസമാധാനം എന്നിവയ്ക്ക് കോട്ടം തട്ടാത്ത തരത്തിൽ സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകളും നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങളും കൃത്യമായി പാലിച്ചുകൊണ്ട് മാത്രമേ പുതിയ ആരാധനാലയങ്ങളുടെ നിർമ്മാണത്തിന് അനുമതി നൽകുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ